©
കേരള സർക്കാർ
Government of Kerala
2023

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 12<br>Vol. XII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2023 ഫെബ്രുവരി 21<br>21st February 2023<br>1198 കുംഭം 9<br>9th Kumbham 1198<br>1944 ഫാൽഗുനം 2<br>2nd Phalguna 1944 | നമ്പർ<br>No. | 626 |

കേരള സർക്കാർ

**തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്**

നോട്ടീസ്

ഫാറം-VI

[ചട്ടം 22(2) കാണുക]

[2016-ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ട് (2016-ലെ 9) 36-ാം വകുപ്പ് 8-ാം ഉപവകുപ്പ് പ്രകാരം മാസ്റ്റർ പ്ലാനിന് സർക്കാർ അനുമതി നൽകിയ വസ്തുത അറിയിക്കുന്ന നോട്ടീസ്]

റഫ. നമ്പർ തസ്വഭവ-ആർ.ഡി2/17/2021-തസ്വഭവ. തീയതി, *തിരുവനന്തപുരം, 2023, ഫെബ്രുവരി 16.*

താഴെ പറയുന്ന അതിരുകളോട് കൂടിയ തദ്ദേശാസൂത്രണ പ്രദേശത്തിനായി തൊടുപുഴ മുനിസിപ്പൽ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കൗൺസിൽ പരിഷ്കരണങ്ങളോടു കൂടി സ്വീകരിച്ച മാസ്റ്റർപ്ലാൻ 2016–ലെ കേരള നഗര –ഗ്രാമാസൂത്രണ ആക്റ്റിലെ (2016 –ലെ 9) 36–ാം വകുപ്പ് (8) –ാം ഉപവകുപ്പ് പ്രകാരം സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(കൈ)നം 38/2023/തസ്വഭവ തീയതി 04/02/2023 പ്രകാരം സർക്കാർ അംഗീകരിച്ചതായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് : കുമാരമംഗലം, കോടിക്കുളം, മഞ്ഞള്ളൂർ പഞ്ചായത്തുകൾ

കിഴക്ക് : ഇടവെട്ടി ഗ്രാമപഞ്ചായത്ത്.

തെക്ക് : കരിങ്കുന്നം ഗ്രാമപഞ്ചായത്ത്.

പടിഞ്ഞാറ് : മണക്കാട്, പുറപ്പുഴ, കരിങ്കുന്നം പഞ്ചായത്തുകൾ

മാസ്റ്റർപ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദനഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

(എ) *അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ - തൊടുപുഴ സെൻട്രൽ ഏരിയ ഈസ്റ്റ്*

(ബി) *പ്രദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ- തൊടുപുഴ സെൻട്രൽ ഏരിയ വെസ്റ്റ്*

(സി) *മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കിയ വിശദ നഗരാസൂത്രണ പദ്ധതികൾ, കാരണ സഹിതം വിശദീകരിക്കുക* – തൊടുപുഴ സെൻട്രൽ ഏരിയ ഈസ്റ്റ് – നിലവിലെ വികസന സാഹചര്യത്തിനു അനുസൃതമായി നടപ്പിലാക്കുവാൻ സാധിക്കുന്ന സ്കീം നിർദ്ദേശങ്ങൾ മാസ്റ്റർ പ്ലാനിൽ പരിഗണിച്ചിട്ടുണ്ട്. കരട് മാസ്റ്റർ പ്ലാൻ റിപ്പോർട്ടിലെ അദ്ധ്യായം 34 ആയി ടി വിഷയം ഉൾപ്പെടുത്തിയിട്ടുമുണ്ട്.

(ഡി) *നിലനിർത്തുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ* – ബാധകമല്ല. കേരള നഗര-ഗ്രാമാസൂത്രണ ആക്റ്റ് 2016 വകുപ്പ് 62(3) പ്രകാരം, അനുമതി ലഭിച്ച മാസ്റ്റർ പ്ലാനും, പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതിയും നിലവിലുള്ള സംഗതിയിൽ, അനുമതി ലഭിച്ച മാസ്റ്റർ പ്ലാനിലെ വ്യവസ്ഥകൾ പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതിയിലെ വ്യവസ്ഥകൾക്കുമേൽ നിലനിൽക്കുന്നതാണ്.

2016 ലെ കേരള നഗരഗ്രാമാസൂത്രണ ആക്റ്റിലെ 36–ാം വകുപ്പ് 10–ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിരിക്കുന്നതുപോലെ, തൊടുപുഴ മുനിസിപ്പൽ കൗൺസിൽ മാസ്റ്റർപ്ലാൻ പ്രസിദ്ധീകരിക്കേണ്ടതാണ്.

ഈ പ്ലാനിന് അനുസൃതമായല്ലാതെ യാതൊരാളും ഏതൊരു ഭൂമിയും, വിനിയോഗിക്കുകയോ, വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമിയുടെ വികസനം നടപ്പാക്കുകയോ, ഭൂവിനിയോഗത്തിനു മാറ്റം വരുത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

ഡോ. ഷർമിള മേരി ജോസഫ്
*പ്രിൻസിപ്പൽ സെക്രട്ടറി.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2023

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2023.02.21 06:47:26 +05:30